## മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയുടെ ഫലപ്രഖ്യാപനത്തിലുണ്ടായ വീഴ്ചകൾ

27 (*117) ഡോ. എം.എ. കുട്ടപ്പൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയുടെ നടത്തിപ്പിനെയും ഫലപ്രഖ്യാപനത്തിലുണ്ടായ വീഴ്ചകളേയുംപറ്റി എത്ര റിട്ട് പെറ്റീഷനുകൾ ഹൈക്കോടതി മുൻപാകെ വന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പെറ്റീഷനുകളിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു;

(സി) എൻട്രൻസ് പരീക്ഷയിലെ ചോദ്യങ്ങൾ ഒഴിവാക്കിയത് സംബന്ധിച്ച് എത്ര റിട്ട് ഹർജികൾ ഹൈക്കോടതി മുൻപാകെ വന്നു;

(ഡി) ഒഴിവാക്കിയ ചോദ്യങ്ങൾ സിലബസ്സിൽ ഉള്ളവയാണെന്ന് കാണിച്ച് എത്ര ഹർജികൾ ഹൈക്കോടതി മുൻപാകെ വന്നു;

(ഇ) ഈ ഹർജികളിന്മേൽ ഹൈക്കോടതിയുടെ പ്രാഥമിക ഉത്തരവും അന്തിമ (ആത്യന്തിക) ഉത്തരവും എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(എഫ്) എൻട്രൻസ് പരീക്ഷകൾ പിഴവില്ലാതെ നടത്തുവാൻ എന്തെല്ലാം പ്രായോഗിക നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) 110.

(ബി) എൻട്രൻസ് പരീക്ഷാ ചോദ്യങ്ങളിലെ അപാകതകൾ ഒഴിവാക്കാൻ, കേരള സിലബസിൽ പഠിച്ചവർക്ക് 10% സംവരണം ഏർപ്പെടുത്തിയത് പിൻവലിക്കൽ, ജില്ലാതലത്തിലെ വികേന്ദ്രീകൃത കൗൺസിലിംഗിന് പകരം കേന്ദ്രീകൃത കൗൺസിലിംഗ് ഏർപ്പെടുത്തൽ, ജാതി, വരുമാനം എന്നിവ സംബന്ധിച്ച് രേഖകൾ ഹാജരാക്കാൻ അവസരം നൽകുക, ജാതിസർട്ടിഫിക്കറ്റുകളിലെ പോരായ്മകൾ തിരുത്തുന്നതിനുള്ള അവസരം നൽകുക, പട്ടിക ജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെടുത്തുക. കംപാർട്ടുമെന്റലായി പരീക്ഷ എഴുതി ജയിച്ചവരേയും അഡ്മിഷനുവേണ്ടി പരിഗണിക്കുക, ഓപ്ഷൻ നൽകിയതിലെ അപാകതകൾ പരിഹരിക്കുവാൻ അനുവദിക്കുക. വികലാംഗർക്ക് എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് 3% സംവരണം അനുവദിക്കുക, വികലാംഗരെ സംബന്ധിച്ച ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് വേണ്ടെന്നുവയ്ക്കുക മുതലായ ആവശ്യങ്ങളാണ് പ്രധാനമായും ഉന്നയിച്ചിരുന്നത്.

(സി) 19 ഹർജികൾ.

(ഡി) ഇത് സംബന്ധിച്ച് ഫയൽ ചെയ്യപ്പെട്ട ഹർജികൾ 19 എണ്ണവും ഒരുമിച്ചാണ് ബഹു : കോടതി പരിഗണിച്ചത്. ഓരോ ഹർജിയിലും വ്യത്യസ്തമായ വാദമുഖങ്ങളായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രാഥമിക ഉത്തരവു പ്രകാരം വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട് മുദ്ര വച്ച കവറിൽ ഹാജരാക്കുവാനും, പ്രവേശന പരീക്ഷാ കമ്മീഷണർ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുവാനും കോടതി ആവശ്യപ്പെട്ടു. തുടർന്ന് സിലബസ് കമ്മിറ്റിയുടെ അഭിപ്രായം ആവശ്യപ്പെട്ടു. സിലബസ് കമ്മിറ്റിയുടെ തീരുമാനം കോടതി അംഗീകരിക്കുകയും ചെയ്തു.

(എഫ്) പ്രവേശന പരീക്ഷയുടെ ചോദ്യങ്ങളിലും ഉത്തര സൂചികകളിലും മേലിൽ തെറ്റുകൾ സംഭവിക്കാതിരിക്കാൻ വേണ്ട എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വിദഗ്ദ്ധകമ്മിറ്റികൾ ഉണ്ടാക്കി അവയുടെ സേവനം പൂർണ്ണമായി വിനിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ചോദ്യങ്ങളിലെ തെറ്റ് ഒഴിവാക്കുന്നതിനുവേണ്ടി ഒരു ചോദ്യബാങ്ക് രൂപീകരിക്കുന്നതിനായിട്ടുള്ള നടപടികൾ പുരോഗമിക്കുന്നു. വിവിധ വിഷയങ്ങളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ചോദ്യങ്ങളും ഉത്തര സൂചികയും പരിശോധിച്ച് അപാകതകൾ ഒഴിവാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## കമ്പ്യൂട്ടർ ഉൽപാദനരംഗം ശക്തിപ്പെടുത്താൻ കെൽട്രോണിന്റെ പുതിയ പദ്ധതി

**28 (*118)** <u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> :

<u>ശ്രീ. എം.വി.ജയരാജൻ</u> :

<u>ശ്രീ. എളമരം കരീം</u> :

<u>ശ്രീ. വി.കെ.ചന്ദ്രൻ</u> :

<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കമ്പ്യൂട്ടർ ഉൽപാദനരംഗം ശക്തിപ്പെടുത്താനും കുറഞ്ഞവിലയ്ക്കു വീടുകളിൽ കമ്പ്യൂട്ടർ നല്കാനുള്ള കെൽട്രോണിന്റെ പുതിയ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടംവരെയായി എന്ന് വെളിപ്പെടുത്തുമോ;

(ബി) വീടുകൾതോറും കമ്പ്യൂട്ടർ നല്കുന്ന പദ്ധതി എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) കമ്പ്യൂട്ടർ ഉൽപാദന മേഖലയിൽ പ്രാവീണ്യം നേടിയ പ്രൊഫഷണലുകളുടെ സേവനം ഇപ്പോൾ ലഭ്യമാണോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കെൽട്രോണിന്റെ മേൽനോട്ടത്തിൽ പൂർണ്ണതോതിലുള്ള സോഫ്റ്റ്വെയർ വികസനകേന്ദ്രം ആരംഭിക്കാനും ഹാർഡ്വെയർ രംഗത്ത് കസ്റ്റമർ സർവീസ് സൗകര്യങ്ങൾ ഏർപ്പെടുത്താനും ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) കെൽട്രോണിന്റെ മേൽനോട്ടത്തിലുള്ള കമ്പ്യൂട്ടർ ഉൽപ്പാദന വിപണന പദ്ധതിയുടെ പൂർത്തീകരണത്തോടെ എന്ത് ലാഭം പ്രതീക്ഷിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി സുശീലാ ഗോപാലൻ)</u> :

(എ,ബി) കമ്പ്യൂട്ടർ ഉത്പാദനരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ പെന്റിയം 3 ഉം സെലിറോൺ പ്രോസസർ ഉപയോഗിച്ചുള്ള കമ്പ്യൂ

LIBRARY ARCHIVES Kerala Legislative Assembly